**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1721** **31-08-2022 - ൽ മറുപടിയ്ക്ക്**

**ടെയിലറിംഗ് സ്കൂളുകളിലെ ഫാഷൻ ഡിസൈനിംഗ് കോഴ്സ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | ടെയിലറിംഗ് സ്കൂളുകളെ ഫാഷൻ ഡിസൈനിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകളായി മാറ്റിയതിനാൽ ഇവിടെ വിദ്യാർത്ഥികൾക്ക് പ്രവേശനം നടത്താൻ കഴിയാത്ത അവസ്ഥ സംജാതമായിരിക്കുന്നത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ; | (എ) | **പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിലുള്ള 2 ഫാഷൻ ഡിസൈനിംഗ് കം ഗാർമെന്റ് ടെക്നോളജി സെന്ററുകളിലും 9 തയ്യൽ ട്രെയിനിംഗ് സെന്ററുകളിലും ഒരു ക്രാഫ്റ്റ് സെന്ററിലും പ്രവേശനം നടത്തുന്നതിന് നിലവിൽ തടസ്സങ്ങളില്ല.** |
| (ബി) | പ്രസ്തുത സ്ഥാപനങ്ങളിലെ പ്രവേശനം, വിദ്യാർത്ഥികളുടെ സ്റ്റൈഫന്റ് എന്നിവ ഏത് രീതിയിലാണ് നൽകുന്നത് എന്ന് വിശദമാക്കുമോ; | (ബി) | **പ്രസ്തുത സ്ഥാപനങ്ങളിൽ പ്രവേശനം നേടുന്നതിനുള്ള അപേക്ഷകൾ പ്രോജക്ട് ഓഫീസർ/ ട്രൈബൽ ഡെവലപ്മെന്റ് ഓഫീസുകളിൽ സ്വീകരിച്ച് പ്രവേശനം നല്കി വരുകയും, പ്രവേശനം നേടുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് അർഹമായ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ ജില്ലാതലത്തിൽ നൽകി വരികയുമാണ് ചെയ്യുന്നത്.** |
| (സി) | ഫാഷൻ ഡിസൈനിംഗിന് പട്ടികജാതി, പട്ടികവർഗ വിദ്യാർത്ഥികൾക്ക് പ്രവേശനം നടത്തുവാൻ കഴിയാത്ത സാഹചര്യം നിലവിലുണ്ടോ; എങ്കിൽ അത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ; | (സി) | പ്രവേശനം നൽകുന്നതിന് നിലവിൽ തടസ്സങ്ങളുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഡി) | വിദ്യാർത്ഥികളുടെ പ്രവേശനം സംബന്ധിച്ച മാർഗരേഖ തയ്യാറാക്കുന്നതിന് സ്റ്റേറ്റ് ബോർഡ് യോഗം ചേരുന്നതിനുള്ള കാലതാമസം എന്താണ്; യോഗം ചേരുവാൻ അടിയന്തിര നടപടി സ്വീകരിക്കുമോ; | (ഡി) | **ടി സെന്ററുകളിൽ പ്രവേശനം നേടുന്നതിനുള്ള അപേക്ഷകൾ ജില്ലയിലെ പ്രോജക്ട് ഓഫീസർ/ ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർ സ്വീകരിക്കുകയും ജില്ലാതലത്തിൽ പ്രവേശനം നൽകി നടപടികൾ സ്വീകരിച്ചു വരുകയുമാണ് ചെയ്യുന്നത്. പ്രസ്തുത വിഷയം സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള സ്റ്റേറ്റ് ബോർഡുമായി ബന്ധപ്പെട്ടതല്ല.** |
| (ഇ) | പ്രസ്തുത യോഗം എന്ന് ചേരുമെന്നും ആരൊക്കെയാണ് അംഗങ്ങളെന്നും അറിയിക്കാമോ? | (ഇ) | **ടി സെന്ററുകളിൽ പ്രവേശനം നേടുന്നതിനുള്ള അപേക്ഷകൾ ജില്ലയിലെ പ്രോജക്ട് ഓഫീസർ/ ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർ സ്വീകരിക്കുകയും ജില്ലാതലത്തിൽ പ്രവേശനം നൽകി നടപടികൾ സ്വീകരിച്ചു വരുകയുമാണ് ചെയ്യുന്നത്. പ്രസ്തുത വിഷയം സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള സ്റ്റേറ്റ് ബോർഡുമായി ബന്ധപ്പെട്ടതല്ല.** |

സെക്ഷൻ ഓഫീസർ